# ഇരിട്ടി നഗരസഭ

## ഇരിട്ടി താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ ഓഫീസ് കാര്യാലയം

## ഇരിട്ടി, കണ്ണൂർ ജില്ല, പിൻ.670703

**ഫോൺ.04902493180, E mail.mochciritty@gmail.com**


### ക്വട്ടേഷൻ പരസ്യം

| | |
|---|---|
| ക്വട്ടേഷൻ നമ്പർ, തീയ്യതി | സി/139/2025 തീയ്യതി. 18/05/2026 |
| ക്വട്ടേഷൻ സ്വീകരിക്കുന്ന /ലഭിച്ചിരിക്കേണ്ട അവസാന തീയ്യതി, സമയം | 26/05/2026, രാവിലെ 11 മണി |
| ക്വട്ടേഷൻ തുറക്കുന്ന തീയ്യതി, സമയം | 26/05/2026, വൈകുന്നേരം 3 മണി |
| സ്വീകരിക്കപ്പെട്ട നിരക്ക് നിലനിർത്തേണ്ടുന്ന തീയ്യതി | 31/03/2027 |
| ക്വട്ടേഷൻ അയക്കേണ്ട /സമർപ്പിക്കേണ്ട ഓഫീസറുടെ വിലാസം | സൂപ്രണ്ട്<br>താലൂക്ക് ആശുപത്രി, ഇരിട്ടി |
| തലവാചകം | പ്രൈമറി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാഹനം അനുവദിക്കൽ (2026-27) |

2025-26 വർഷത്തെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതിയുടെ (സാന്ത്വന പരിചരണം) ഭാഗമായി ഇരിട്ടി നഗരസഭാ പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ 2026 ജൂൺ മുതൽ 2027 മാർച്ച് വരെ പാലിയേറ്റീവ് ഹോംകെയർ നടത്തുന്നതിന് ഡ്രൈവർ ഉൾപ്പെടെ 5 പെർക്കെങ്കിലും ഇരുന്ന് യാത്ര ചെയ്യാൻ സാധിക്കുന്ന 9 വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്ത നാലുചക്ര ടാക്സി വാഹനം ഏർപ്പെടുത്താൻ തയ്യാറുള്ളവരിൽ നിന്നും സീൽ ചെയ്ത ക്വാട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിൽ എഴുതേണ്ട തലവാചകം, സ്ഥാപനത്തിന്റെ ഓഫീസിൽ ലഭിച്ചിരിക്കേണ്ട അവസാന തീയ്യതി, സ്വീകരിക്കപ്പെട്ട നിരക്ക് നിലനിർത്തേണ്ടുന്ന തീയ്യതി, ക്വാട്ടേഷൻ സമർപ്പിക്കേണ്ട അധികാരിയുടെ വിലാസം, എന്നിവ മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. വൈകി ലഭിക്കുന്ന ക്വാട്ടേഷനുകൾ പരിഗണിക്കുന്നതല്ല.വ്യക്തമല്ലാത്തതും നിരക്കു ശരിയായി രേഖപ്പെടുത്താത്തതുമായ ക്വാട്ടേഷനുകൾ അപ്പോൾതന്നെ നിരാകരിക്കുന്നതാണ്.ഈ പരസ്യം നിർത്തൽ ചെയ്യാനോ അല്ലെങ്കിൽ മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവയ്ക്കാനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

**ക്വാട്ടേഷനുകൾ അംഗീകരിക്കുന്നതിന് താഴെ ചേർത്ത നിബന്ധനകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.**

1) ക്വട്ടേഷൻ അംഗീകരിച്ചതിനെത്തുടർന്ന് കരാർ തീരുമാനം അംഗീകരിക്കപ്പെട്ടതായി കണക്കാക്കുമെങ്കിലും.ക്വട്ടേഷൻ അംഗികരിക്കപ്പെട്ട വ്യക്തി/സ്ഥാപനം ആയത് അംഗീകരിക്കപ്പെട്ടതിനുശേഷം ഒരാഴ്ച്ക്കുള്ളിൽ തന്റെ/തങ്ങളുടെ സ്വന്തം ചിലവിൽ ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.

2) ക്വട്ടേഷൻ അംഗീകരിക്കപ്പെട്ടതിനുശേഷം ആയതിൽ നിന്ന് പിന്മാറുന്നപക്ഷം ഉണ്ടാകുന്ന നഷ്ടം; വീഴ്ച വരുത്തിയവരിൽ നിന്നും ഈടാക്കുന്നതായിരിക്കും.

3) വാഹനത്തിന്റെ ലൈസൻസ് (ടാക്സി പെർമിറ്റ്), രജിസ്ട്രേഷൻ സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്.

4) ക്വട്ടേഷനിൽ അധിക നിബന്ധനകൾ രേഖപ്പെടുത്തുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുകയാണെങ്കിൽ ആയത് അസാധുവായി കണക്കാക്കുന്നതാണ്.

5) ഹോംകെയർ ദിവസങ്ങളിൽ വാഹനം രാവിലെ 9.00 മണിയ്ക്ക് സ്ഥാപനത്തിൽ എത്തിക്കേണ്ടതും വൈകുന്നേരം 5.00 മണിവരെ ഉപയോഗിക്കാൻ തയ്യാറായിരിക്കേണ്ടതുമാണ്.

6) നിലവിലുള്ള വാഹനം ഉപയോഗിച്ചുകൊണ്ടിരിക്കെ പ്രസ്തുത വാഹനത്തിന് വല്ല തകരാർ സംഭവിക്കുകയാണെങ്കിൽ പകരം വേറെ വാഹനം ഏർപ്പെടുത്തേണ്ടതാണ്.

7) ഒരു ദിവസം വാഹനം സഞ്ചരിക്കേണ്ട / ഉപയോഗിക്കേണ്ട പരമാവധി ദൂരമായ 50 കിലോമീറ്റർ ദൂരത്തിന്റെ ദിവസവാടക നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

8) പി.എം.സി യുടെയും നഗരസഭയുടെയും അംഗീകാരത്തിന് വിധേയമായാണ് ക്വട്ടേഷൻ അംഗീകരിക്കുക.

സൂപ്രണ്ട്

SUPERINTENDENT
TALUK HOSPITAL IRITTY
KANNUR DT. - 670703

സ്ഥലം : ഇരിട്ടി
തീയതി : 18/05/2026

പകർപ്പ്:

1. നോട്ടീസ് ബോർഡ്, താലൂക്ക് ആശുപത്രി, ഇരിട്ടി
2. 5 കി.മി ചുറ്റളവിലുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളിലും വിപുലമായ പരസ്യത്തിനായി
3. ഫയൽ/സ്റ്റോക്ക് ഫയൽ/സ്പെയർ